ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടും പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനാലും പെരുവണ്ണാമൂഴി - കക്കയം ടൂറിസം വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 1,90,00,000 രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 18 മാസത്തിനകം പൂർത്തീകരിക്കുവാൻ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതോടൊപ്പം രണ്ടാം ഘട്ടത്തിന് ആവശ്യമായ തുക കൂടി ഗവൺമെന്റ് അനുവദിക്കുന്നതാണ്. എത്രയും പെട്ടെന്ന് ഈ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുകയാണ്. പ്രവർത്തികൾ ഇതിനകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

19. പി.ഡബ്ല്യു.ഡി. എ.എക്സ്.ഇ.യുടെ ഓഫീസ് മാറ്റാനുള്ള നീക്കം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ വർഷങ്ങളായി കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് ഫോർട്ടുകൊച്ചിയിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ ഓഫീസാണ് പി.ഡബ്ല്യു.ഡി.-യുടെ സ്പെഷ്യൽ ബിൽഡിംഗ് എ.എക്സ്.ഇ.-യുടെ ഓഫീസ്. അതിപ്പോൾ കളമശ്ശേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് അങ്ങോട്ട് മാറ്റാനുള്ള തീരുമാനം വരാൻ പോകുന്നുവെന്ന കേട്ട് അങ്ങയുടെ പഴയ മണ്ഡലത്തിൽപ്പെട്ടതാണ് ആ സ്ഥാപനം. പശ്ചിമ കൊച്ചിയിലുള്ള ഒരേ ഒരു പി.ഡബ്ല്യു.ഡി. ഓഫീസ് അത് മാത്രമാണ്. അത് അവിടെ നിലനിർത്തണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 17-12-2013-ൽ ആണ് കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നത്. എല്ലാ മെഡിക്കൽ കോളേജുകൾക്കും സംസ്ഥാനത്ത് സബ്-ഡിവിഷനും സെക്ഷനുമുണ്ട്. ഈ കോളേജിനും അത് വേണമെന്ന് നിർബന്ധമാണ്. പക്ഷെ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുക്കുമ്പോൾ പുതിയൊരു സെക്ഷനും സബ്-ഡിവിഷനും അനുവദിക്കാൻ പ്രയാസമുണ്ട്. പക്ഷെ അന്തിമ തീരുമാനം എടുത്തിട്ടില്ല. അങ്ങയോടുംകൂടി ആലോചിച്ചു മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയുള്ളൂ. അവിടെ നിന്ന് സബ്-ഡിവിഷൻ എടുത്താലും മട്ടാഞ്ചേരിയിൽ സെക്ഷൻ അവിടെത്തന്നെ നിലനിർത്തും. അതോടൊപ്പംതന്നെ വേറൊരു സെക്ഷൻ ഓഫീസ് എറണാകുളത്തുനിന്നുമാണ് എടുക്കാൻ ഉദ്ദേശിച്ചത്. ഇത് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly